സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

Estd : 2007

# പീപ്പിൾസ് റിവ്യൂ

സത്യാന്വ പ്രമദിതവ്യം

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 മാർച്ച് 1 ബുധൻ
ptnizar@rediffmail.com 9037319971
www.peoplesreview.co.in

PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ



**തീപിടിച്ച വില...** സാധാരണക്കാരന് ഇരുട്ടടി നൽകി പാചകവാതക വില വർധനവ്. ഗാർഹിക സിലിണ്ടറിന് 50 രൂപയും വാണിജ്യ സിലിണ്ടറിന് 351 രൂപയുമാണ് വർധിപ്പിച്ചത്. ഇതോടെ യാഥാക്രമം 1061 രൂപയുണ്ടായിരുന്ന ഗാർഹിക സിലിണ്ടറിന് 1111 രൂപയും 1773 രൂപയുണ്ടായിരുന്ന വാണിജ്യസിലിണ്ടറിന് 2124 രൂപയുമായി. പുതിയ വില ഇന്ന് മുതൽ പ്രാബല്യത്തിൽ വന്നു.

# മതപരിവർത്തനം: യു.പിയിൽ മലയാളി ദമ്പതികൾ അറസ്റ്റിൽ

ന്യൂഡൽഹി: ഉത്തർ പ്രദേശിൽ ക്രിസ്തുമതം സ്വീകരിച്ചാൽ രണ്ട് ലക്ഷം രൂപ വീതവും ഒരു വീട് പണിയാൻ 25 ചതുരശ്ര മീറ്റർ പ്ലോട്ടും വാഗ്ദാനം ചെയ്തെന്ന പരാതിയിൽ മലയാളി പാസ്റ്ററേയും ഭാര്യയേയും അറസ്റ്റ് ചെയ്തു. ഗാസിയാബാദിൽ വച്ച് പാസ്റ്റർ സന്തോഷ് ജോണും (55), ഭാര്യ ജിജി(50)യുമാണ് അറസ്റ്റിലായത്. ബജ്റംഗ്ദൾ പ്രവർത്തകരാണ് ഇവർക്കെതിരേ പരാതി നൽകിയത്. ഗാസിയാബാദ് ഇന്ദിരാപുരത്താണ്



സന്തോഷ് ജോണും ഭാര്യ ജിജിയും

സംഭവം. ഇവരുടെ വീട്ടിലെത്തിയാണ് അറസ്റ്റ്. അറസ്റ്റിനെതിരേ ശശി തരൂർ എം പി.ട്വിറ്ററിൽ പ്രതികരണവുമായി രംഗത്തെത്തി. ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്നത് നാണക്കേടാണെന്നും ആരോപണങ്ങളുടെ പേരിലാണ് അറസ്റ്റ് എന്നും തരൂർ ട്വീറ്റ് ചെയ്തു. തിങ്കളാഴ്ചയാണ് പോലീസ് ഇവരെ കസ്റ്റഡിയിലെടുത്തത്.1996 മുതൽ ഇയാൾ ഗാസിയാബാദിൽ ക്രിസ്തുമതം പ്രചരിപ്പിക്കുന്നു. ഓപ്പറേഷൻ അഗാപെയുമായി ബന്ധപ്പെട്ട യുണൈറ്റഡ് ക്രിസ്ത്യൻ പ്രയർ ഫോർ ഇന്ത്യ എന്ന മിഷനറി സംഘടനയുമായി ഇവർക്ക് ബന്ധമുണ്ടെന്നും പോലിസ് പറഞ്ഞു. ദമ്പതികൾ പ്രാർത്ഥന നടത്തുന്ന ഹാൾ വാടകയ്ക്കെടുക്കുകയും ആളുകളെ ക്രിസ്തുമതം സ്വീകരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തുവെന്ന് പരാതിക്കാർ ആരോപിച്ചു. എന്നാൽ, സന്തോഷും ഭാര്യയും പ്രസംഗങ്ങൾ നടത്തുമെങ്കിലും ആരെയും മതപരിവർത്തനത്തിന് നിർബന്ധിക്കാറില്ലെന്ന് അയൽവാസികൾ പറഞ്ഞതായാണ് ലഭിക്കുന്ന വിവരം. കുട്ടികളുടെ ആരോഗ്യവും വിദ്യാഭ്യാസവും പരിപാലിക്കുമെന്ന് വാഗ്ദാനം ചെയ്തെന്നും പാവപ്പെട്ടവരെയും നിസ്സഹായരെയും ഇവർ ലക്ഷ്യം വെക്കുന്നതെന്നും പരാതിക്കാർ ആരോപിച്ചു. 2021ലെ ഉത്തർപ്രദേശ് നിയമവിരുദ്ധ മതപരിവർത്തന നിരോധന നിയമം പ്രകാരമാണ് ദമ്പതികൾക്കെതിരേ കേസെടുത്തിരിക്കുന്നത്. കുറ്റം തെളിഞ്ഞാൽ ഒരു വർഷം മുതൽ അഞ്ച് വർഷം വരെ ജയിലിൽ കഴിയേണ്ടി വരും. ഇവരുടെ വീട്ടിൽ നിന്ന് ചില രേഖകളും ഫോണുകളും പിടിച്ചെടുത്തതായി ഡി.സി.പി ദീക്ഷ ശർമ പറഞ്ഞു.

# 1901ന് ശേഷമുള്ള ഏറ്റവും ഉയർന്ന താപനില ഫെബ്രുവരിയിൽ: കേന്ദ്ര കാലാവസ്ഥാ റിപ്പോർട്ട് പുറത്ത്

ന്യൂഡൽഹി: 123 വർഷത്തിനുള്ളിൽ രേഖപ്പെടുത്തിയ ഏറ്റവും ഉയർന്ന ചൂട് ഫെബ്രുവരിയിലെന്ന് കേന്ദ്ര കാലാവസ്ഥാ റിപ്പോർട്ട്. വേനൽക്കാലം ആരംഭിച്ചതോടെ അനിയന്ത്രിതമായി താപനില ഉയരുന്നതായാണ് റിപ്പോർട്ടിൽ പറയുന്നത്. രാജ്യത്തുടനീളം 29.5 ഡിഗ്രി സെൽഷ്യസാണ് രേഖപ്പെടുത്തിയിട്ടുള്ള താപനില. ഡൽഹി ഉൾപ്പെടെ രാജ്യത്തിന്റെ വടക്ക്-കിഴക്കൻ സംസ്ഥാനങ്ങളിൽ ഏറ്റവും ഉയർന്ന താപനിലയായിരിക്കും വരും ദിവസങ്ങളിൽ രേഖപ്പെടുത്തുകയെന്നും കാലാവസ്ഥാ വകുപ്പ് വ്യക്തമാക്കുന്നു. ഏറ്റവും ഉയർന്ന താപനിലയാണ് ഫെബ്രുവരിയിൽ രേഖപ്പെടുത്തിയത്.





വരും ദിവസങ്ങളിൽ ഇതിനേക്കാൾ ശക്തമായി താപനില വർധിക്കും. മാർച്ച്-മെയ് മാസങ്ങളിൽ താപനില ഉയരുമെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പ് പറയുന്നു. അതേസമയം, ദക്ഷിണേന്ത്യയിലും മഹാരാഷ്ട്രയുടെ വിവിധ ഭാഗങ്ങളിലും മറ്റിടങ്ങളെ അപേക്ഷിച്ച് ശരാശരി താപനിലയായിരിക്കുമെന്നും പറയുന്നു.

ഉച്ചസമയത്ത് വെയിൽ കൊള്ളുന്നത് ഒഴിവാക്കണമെന്നും ജാഗ്രത നിർദേശങ്ങൾ പാലിക്കണമെന്നും കാലാവസ്ഥ നിരീക്ഷണ കേന്ദ്രം അറിയിച്ചിട്ടുണ്ട്. താപനില വർധിച്ചതോടെ എന്തെല്ലാം മുൻകരുതൽ എടുക്കണമെന്നും അധികൃതർ നിർദേശം നൽകിയിട്ടുണ്ട്. കുട്ടികളും ഗർഭിണികളും പ്രായമായവരും പുറത്തിറങ്ങുമ്പോൾ ശ്രദ്ധിക്കണം. ഉച്ചസമയത്ത് തുടർച്ചയായി വെയിൽ നേരിട്ട് കൊള്ളുന്നത് ഒഴിവാക്കണം, നിർജ്ജലീകരണം തടയാൻ കൂടുതൽ വെള്ളം കുടിക്കണം, എന്നീ നിർദ്ദേശങ്ങൾക്കൊപ്പം കാട്ടുതീ വ്യാപിക്കാനുള്ള സാദ്ധ്യതയുണ്ടെന്നും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുന്നറിയിപ്പ് നൽകിയിരുന്നു. മാർച്ചിൽ വേനൽമഴയ്ക്ക് സാധ്യതയുണ്ട്. എന്നാൽ വളരെ നേരത്തെ സംസ്ഥാനത്ത് ചൂട് കനത്തത് വരൾച്ചയിലേക്ക് നയിക്കുമെന്ന ആശങ്കയും നിലനിൽക്കുന്നു.സംസ്ഥാനത്ത് പലയിടത്തും 37 ഡിഗ്രി സെൽഷ്യസിന് മുകളിലാണ് താപനില. കണ്ണൂർ, തൃശൂർ, പാലക്കാട് എന്നീ മൂന്നു ജില്ലകളിലാണ് താപനില ഏറ്റവും കൂടുതലായി രേഖപ്പെടുത്തിയിട്ടുള്ളത്. താപനില 40ഡിഗ്രി സെൽഷ്യസിന് അടുത്തെത്തിയതായും റിപ്പോർട്ടുകളുണ്ടായിരുന്നു.



ഗ്രീസിൽ ട്രെയിനുകൾ തമ്മിൽ കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ നിന്ന്

## ഗ്രീസിൽ ട്രെയിനുകൾ കൂട്ടിയിടിച്ച് 26പേർ കൊല്ലപ്പെട്ടു

ആതൻസ്: ആതൻസിൽ നിന്നും തെസലോൻസ്കിയിലേക്ക് പോവുകയായിരുന്ന യാത്രാവണ്ടിയും ലാരിസയിലേക്ക് പോവുകയായിരുന്ന ചരക്കുവണ്ടിയും തമ്മിൽ കൂട്ടിയിടിച്ച് 26 പേർ കൊല്ലപ്പെട്ടു. 85 പേർക്ക് പരുക്കേറ്റു. ഇന്നലെയാണ് ഭീകരമായ അപകടം ഉണ്ടായത്. ട്രെയിനുകൾ തമ്മിലുള്ള ഇടിയുടെ ആഘാതത്തിൽ നാലു ബോഗികൾ പാളം തെറ്റുകയായിരുന്നു. ആദ്യത്തെ രണ്ട് ബോഗികളും തീപിടിച്ച് നശിച്ചു. 250 യാത്രക്കാരെ രക്ഷിച്ചുവെന്ന് സുരക്ഷാസേന അറിയിച്ചു. 350 യാത്രക്കാരാണ് ട്രെയിനത്തിൽ ഉണ്ടായിരുന്നതെന്ന് പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഭൂകമ്പമാണെന്നാണ് ആദ്യം കരുതിയതെന്ന് അപകടത്തിൽ നിന്ന് രക്ഷപ്പെട്ട യാത്രക്കാരൻ പറഞ്ഞു. യാത്രക്കാരുടെ നിലവിളികേട്ടാണ് ഓടിയെത്തിയതെന്ന് സംഭവ സ്ഥലത്ത് രക്ഷാപ്രവർത്തനത്തിനെത്തിയ യുവാവ് പറഞ്ഞു. രക്ഷാപ്രവർത്തനം കഠിനമായിരുന്നുവെന്നും രക്ഷാപ്രവർത്തനത്തിന് നേതൃത്വം നൽകിയവർ പറയുന്നു.

# വൈദ്യുതി ഉപയോഗം വൈകുന്നേരം ആറിനും 11നും ഇടയിൽ പരമാവധി കുറയ്ക്കണം: കെ.എസ്.ഇ.ബി

തിരുവനന്തപുരം: തുലാവർഷത്തിൽ വേണ്ടത്ര മഴ ലഭിക്കാതത്തതും വേനൽ കടുത്തതും കാരണം ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് ക്രമാതീതമായി കുറഞ്ഞിരിക്കുകയാണ്. കഴിഞ്ഞ ആറു വർഷത്തെ ഏറ്റവും കുറവ് ജലനിരപ്പാണ് കെ.എസ്.ഇ.ബിയുടെ ജലസംഭരണികളിൽ നിലവിലുള്ളത്. പീക്ക് സമയത്തെ വൈദ്യുതി ഉപയോഗമാകട്ടെ കുതിച്ചുയരുകയുമാണ്. വൈദ്യുതി ഉപയോഗം ഇത്തരത്തിൽ ക്രമാതീതമായി ഉയരുകയും ആഭ്യന്തര ഉൽപാദന സാധ്യത കുറയുകയും ചെയ്താൽ പ്രതിസന്ധി രൂക്ഷമാകും. അതിനാൽ ഉപഭോക്താക്കൾ വൈകുന്നേരം ആറു മുതൽ 11 വരെ ഉയർന്ന വൈദ്യുതി ഉപഭോഗമുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നത് ഒഴിവാക്കണമെന്നാണ് കെ.എസ്.ഇ.ബി നിർദേശം. ഇസ്തിരിപ്പെട്ടി, വാട്ടർ പമ്പ് സെറ്റ്, വാഷിംഗ് മെഷീൻ, ഇൻ





ഡക്ഷൻ സ്റ്റൗ പോലെയുള്ള വൈദ്യുതി കൂടുതൽ ഉപയോഗിക്കുന്ന ഉപകരണങ്ങളും കൂടാതെ വസ്ത്രങ്ങൾ അലക്കുന്നതും ഇസ്തിരിയിടുന്നതും വൈദ്യുതി ഉപയോഗിച്ചുള്ള പാചകവും മറ്റും പകൽ സമയത്തോ രാത്രി 11നു ശേഷമോ ആക്കി ക്രമീകരിക്കുന്നത് നല്ലതായിരിക്കുമെന്നും കെ.എസ്.ഇ.ബി നിർദേശിച്ചു. രാജ്യവ്യാപകമായി നിലവിലുള്ള കൽക്കരി ക്ഷാമവും ഇറക്കുമതി ചെയ്ത, വിലകൂടിയ കൽക്കരി കൂടുതലായി ഉപയോഗിക്കണം എന്ന നിർദേശവും കാരണം താപവൈദ്യുതിക്ക് വില നിലവിൽ വളരെകൂടുതലാണ്. വേനൽ കടുത്തതോടെ ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് ക്രമാതീതമായി കുറഞ്ഞു. 2354.74 അടിയാണ് ഇപ്പോഴത്തെ ജലനിരപ്പ്.

കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 22 അടിയോളം ജലനിരപ്പ് കുറവാണിപ്പോൾ. കഴിഞ്ഞ വർഷം ഇതേ ദിവസം 2376.24 അടിയായിരുന്നു ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ്. അതായത് സംഭരണ ശേഷിയുടെ 71 ശതമാനം വെള്ളം. നിലവിലുള്ള വെള്ളം സംഭരണശേഷിയുടെ 49.50 ശതമാനം മാത്രമാണ്. നിലവിലെ അളവിൽ വൈദ്യുതി ഉൽപ്പാദിപ്പിച്ചാൽ രണ്ടു മാസത്തേക്കുള്ള വെള്ളം മാത്രമാണ് അണക്കെട്ടിലുള്ളത്. ജലനിരപ്പ് 2199 അടിയോടടുത്താൽ മൂലമറ്റത്ത് വൈദ്യുതി ഉൽപ്പാദനം നിർത്തേണ്ടി വരും. ഇത് കടുത്ത വൈദ്യുതി പ്രതിസന്ധിക്ക് കാരണമാകും.

# കുട്ടികൾ വിദേശ സിനിമകൾ കാണുന്നതിനെതിരേ നിയമം കടുപ്പിച്ച് ഉത്തരകൊറിയൻ ഭരണകൂടം

സിയോൾ: കുട്ടികൾ വിദേശത്തുനിന്നുള്ള സിനിമകളോ മറ്റോ കണ്ടാൽ രക്ഷിതാക്കൾക്ക് ഗുരുതരമായ മുന്നറിയിപ്പ് നൽകുക എന്നതായിരുന്നു ഉത്തര കൊറിയയിലെ പഴയ നിയമം. എന്നാലിപ്പോൾ കുട്ടികൾ ഹോളിവുഡ് ചലച്ചിത്രങ്ങളോ സീരിസുകളോ കണ്ടാൽ മാതാപിതാക്കളെ തടവിലിടുമെന്ന കർശന നിലപാടിലാണ് ഉത്തര കൊറിയ. റേഡിയോ ഫ്രീ ഏഷ്യയാണ് ഈ കാര്യം റിപ്പോർട്ട് ചെയ്യുന്നത്. കെ-ഡ്രാമ എന്ന് അറിയപ്പെടുന്ന ദക്ഷിണകൊറിയൻ സിനിമകളും സീരിസുകളും കാണുന്നതും വിതരണം ചെയ്യുന്നതും ഉത്തര കൊറിയയിൽ കർശനമായി നിരോധിച്ചിട്ടുണ്ട്. സോഷ്യലിസ്റ്റ് ആശയങ്ങൾ കുട്ടികളെ 'ശരിയായി' പഠിപ്പിക്കാനാണ് മാതാപിതാക്കൾ



തയ്യാറാകേണ്ടത് എന്നാണ് കിം ഭരണകൂടം പറയുന്നത്. ഹോളിവുഡ് സിനിമകളും മറ്റും കാണുന്നത് പാശ്ചാത്യ സംസ്കാരത്തിന് അടിമപ്പെടുന്നതിന് തുല്യമാണെന്നും അതിനാൽ അത് ചെയ്യുന്ന കുട്ടികളുള്ള മാതാപിതാക്കളോട് ഒരു ദയയും കാണിക്കേണ്ടതില്ലെന്നാണ് കിം ജോങ് ഉൻ നേതൃത്വം നൽകുന്ന ഉത്തര കൊറിയൻ ഭരണകൂടത്തിന്റെ തീരുമാനം. പുതിയ ചട്ടം അനുസരിച്ച്, വിദേശ സിനിമകളോ വിദേശ ടി.വി പരിപാടികളോ കാണുമ്പോൾ പിടിക്കപ്പെടുന്ന കുട്ടികളുടെ രക്ഷിതാക്കളെ ആറ് മാസത്തേക്ക് ലേബർ ക്യാമ്പുകളിലേക്കും കുട്ടികൾക്ക് അഞ്ച് വർഷം തടവും ലഭിക്കും. ഓരോ ഉത്തര കൊറിയൻ പൗരനും സർക്കാർ സംവിധാനത്തിൽ വിളിക്കുന്ന ആഴ്ചയിലുള്ള അയൽവക്ക യൂണിറ്റ് മീറ്റിംഗുകളിൽ പങ്കെടുക്കണം. ഇത്തരത്തിൽ ഒരു യോഗത്തിൽ പങ്കെടുത്ത ഒരു പേര് വെളിപ്പെടുത്താത്ത ഉത്തരകൊറിയൻ പൗരനാണ് റേഡിയോ ഫ്രീ ഏഷ്യയോട് പുതിയ നിയമം സംബന്ധിച്ച് പറഞ്ഞത്. ഈ യോഗങ്ങളിൽ പുതിയ നിയമപ്രകാരം മാതാപിതാക്കൾക്ക് കടുത്ത മുന്നറിയിപ്പുകൾ നൽകിയെന്നാണ് റിപ്പോർട്ട്. 'കുട്ടികളുടെ വിദ്യാഭ്യാസം വീട്ടിൽ നിന്നാണ് ആരംഭിക്കേണ്ടതെന്ന് യോഗത്തിന് എത്തിയ സർക്കാർ പ്രതിനിധി പറഞ്ഞു. മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ തിരുത്തിയില്ലെങ്കിൽ, അവർ മുതലാളിത്തത്തിന്റെ സ്തുതിപാഠകർ ആകുകയും സോഷ്യലിസ്റ്റ് വിരുദ്ധരാകുകയും ചെയ്യും' സർക്കാർ പ്രതിനിധി പറഞ്ഞതായി റേഡിയോ ഏഷ്യ റിപ്പോർട്ട് പറയുന്നു. ഉത്തരകൊറിയയിലേക്ക് ഹോളിവുഡ് ചിത്രങ്ങളും മറ്റും എത്തിച്ചാൽ വധശിക്ഷയിലൂടെ പോലും ശിക്ഷിക്കപ്പെടാവുന്ന കുറ്റമാണ്. കഴിഞ്ഞ വർഷം, ദക്ഷിണ കൊറിയൻ, അമേരിക്കൻ സിനിമകൾ കണ്ടതിന് രണ്ട് ഹൈസ്കൂൾ വിദ്യാർഥികളെ വധശിക്ഷയ്ക്ക് വിധേയരാക്കിയിരുന്നു. നഗരത്തിലെ എയർഫീൽഡിൽ നാട്ടുകാർക്ക് മുന്നിൽ വച്ചാണ് രണ്ട് കൗമാരക്കാരെ വധിച്ചത്.

## കെ.എസ്.ആർ.ടി.സിയിലെ കൺസഷൻ പരിമിതപെടുത്തിയതിനെ ന്യായീകരിച്ച് ഗതാഗതമന്ത്രി

# വിദ്യാർഥികൾക്ക് ആശങ്ക വേണ്ട, അർഹരായവർക്ക് ലഭിക്കും

തിരുവനന്തപുരം: കെ.എസ്.ആർ.ടി.സിയിലെ കൺസഷൻ പരിമിതപ്പെടുത്തിയതിൽ വിദ്യാർഥികൾക്ക് ആശങ്ക സ്ഥാനമില്ലെന്നും അർഹരായവർക്ക് കൺസഷൻ ലഭിക്കുമെന്നും ഗതാഗതമന്ത്രി ആന്റണി രാജു. കൺസഷൻ പരിമിതപ്പെടുത്തിയതിന് കൃത്യമായ കാരണങ്ങളുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരും ഈവനിങ് ക്ലാസിൽ പഠിക്കുന്നവരും കൺസഷൻ ദുരുപയോഗം ചെയ്യുന്നത് തടയാനാണ് പ്രായപരിധി കൊണ്ടുവന്നതെന്നും അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് പുതിയ മാനദണ്ഡമനുസരിച്ച് 65 ശതമാനം കൺസഷൻ കിട്ടുമെന്നും അദ്ദേഹം പറഞ്ഞു. 25 വയസ്സിന് മുകളിൽ പ്രായമുള്ള വിദ്യാർഥികൾക്കും ആദായ നികുതി കൊടുക്കുന്ന മാതാപിതാക്കളുടെ കോളേജിൽ പഠിക്കുന്ന മക്കൾക്കും ഇനി മുതൽ യാത്രാ ഇളവ് നൽകാതിരിക്കാനുള്ള കെ.എസ്.ആർ.ടി.സി നീക്കം വിവാദമായിരുന്നു. കെ.എസ്.ആർ.ടി.സിയുടെ നീക്കത്തിന് പിന്നാലെ യാത്രാ സൗജന്യത്തിനെതിരേ സ്വകാര്യ ബസുടമകളും രംഗത്തെത്തി. പ്രതിപക്ഷ വിദ്യാർഥി സംഘടനകളും എതിർപ്പുയർത്തിയിട്ടുണ്ട്. കെ.എസ്.ആർടിസിയിൽ നിലവിൽ പ്ലസ്ടു വരെയുള്ള വിദ്യാർഥികൾക്ക് പൂർണമായും സൗജന്യ യാത്രയും മറ്റ് വിദ്യാർഥികൾക്ക് യാത്രാ ഇളവും നൽകുന്നുണ്ട്. പുതിയ മാർഗ നിർദേശമനുസരിച്ച് സ്വകാര്യ സ്കൂളിലെയും കോളേജിലെയും ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് യാത്രാ ഇളവ് ഉണ്ടാകും. സ്വകാര്യ സ്കൂളിലെ വിദ്യാർഥികളുടെ യാത്രാ നിരക്കിന്റെ 30 ശതമാനം യാത്രാ ഇളവ് നൽകും. 25 വയസ്സിന് മുകളിലുള്ള വിദ്യാർഥികൾക്ക് ഇനി ഇളവില്ല. കോളേജിൽ പഠിക്കുന്ന വിദ്യാർഥികളുടെ രക്ഷിതാക്കൾ ആദായ നികുതി കൊടുക്കുന്നവരാണെങ്കിൽ അവർക്കും യാത്രാ ഇളവ് ഉണ്ടാകില്ലെന്നും മാർഗ നിർദേശത്തിൽ പറയുന്നു.

# ലൈഫ് മിഷൻ കേസിൽ സി.ബി.ഐ വരാതിരിക്കാനാണ് വിജിലൻസ് അന്വേഷണം: വി.ഡി സതീശൻ

തിരുവനന്തപുരം: ലൈഫ് മിഷൻ കോഴക്കേസിൽ കേന്ദ്ര ഏജൻസിയുടെ അന്വേഷണത്തെ ഭയപ്പെട്ടതിനാലാണ് വിജിലൻസിനെ ഏൽപ്പിച്ചതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. രാജ്യത്തിനകത്തും പുറത്തും വ്യാപിച്ചുകിടക്കുന്ന കേസ് എങ്ങനെ വിജിലൻസ് അന്വേഷിക്കും. സി.ബി.ഐ വരാതിരിക്കാൻ ആണ് മനപ്പൂർവ്വം വിജിലൻസിനെ കൊണ്ടുവന്ന് അന്വേഷിപ്പിക്കുന്നതെന്നും സതീശൻ ആരോപിച്ചു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്കൂടി പങ്കാളിത്തമുള്ള ലോക്കറിൽ നിന്നാണ് 63 ലക്ഷം കണ്ടെടുത്തത്. 9.25 കോടി ആണ് ഈ കോഴ. ലൈഫ് മിഷനിൽ കോഴ നടന്നു എന്ന് മുൻപ് തോമസ്



ഐസക്കും എ.കെ ബാലനും പറഞ്ഞിട്ടുണ്ട്. ഇത്ര വലിയ കോഴ ഇന്ത്യയിൽ വേറെ വന്നിട്ടില്ല. എന്തിന് ബിഹാറിൽ പോലും നടന്നിട്ടില്ല. ലൈഫ് മിഷൻ കോഴയിൽ സർക്കാരിന് പങ്കില്ലായെങ്കിൽ എന്തുകൊണ്ട് സി.ബി.ഐയെ എതിർക്കുന്നുവെന്നും സതീശൻ ചോദിച്ചു.പഴയ വീഞ്ഞ് തന്നെയാണ് വീണ്ടും ഇറക്കുന്നത്. പഴയ ശിവശങ്കർ വീണ്ടും അറസ്റ്റിലാകുന്നു. തങ്ങൾക്ക് ഈ കേസിലെ മദനകാമ രാജൻ കഥകളോട് താൽപര്യം ഇല്ല. ഉമ്മൻചാണ്ടിയുടെ കുടുംബത്തെ കുറിച്ച് ഒരു പ്രതിപക്ഷ നേതാവ് പറഞ്ഞ കഥകൾ ഓർക്കണം.

കേരളത്തിൽ കെട്ടിടം നിർമിക്കാൻ യു.എ.ഇ കോൺസുലേറ്റ് ക്വട്ടേഷൻ വിളിക്കുന്നത് എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? ലൈഫ് മിഷൻ ചെയർമാൻ ആണ് മുഖ്യമന്ത്രി. വാട്സ് ആപ് ചാറ്റ് പുറത്തു വരുമ്പോൾ അത് പറയരുത് എന്ന് പറയുന്നത് എങ്ങനെ ശരിയാകും. റിമാൻഡ് റിപ്പോർട്ടിനെ കുറിച്ച് മിണ്ടരുത് എന്ന് പറയുന്നത് ശരിയാണോ? എന്നും സതീശൻ ചോദിച്ചു.

# ‘കാടറിവ് 2023’ പ്രകൃതി പഠന ക്യാമ്പ് സംഘടിപ്പിച്ച് ദേശീയ ഹരിത സേന





1. ‘കാടറിവ് 2023’ പ്രകൃതി പഠന ക്യാമ്പ് യാത്രയുടെ ഫ്ളാഗ് ഓഫ് പരിസ്ഥിതി പ്രവർത്തകൻ എം.എ ജോൺസൺ നിർവഹിച്ചപ്പോൾ 2. ആറളം വന്യജീവി സങ്കേതത്തിലെത്തിയ വിദ്യാർഥികളും അധ്യാപകരും

കോഴിക്കോട്: കാടിനേയും കാട്ടിലെ ജീവിതത്തേയും നേരിട്ടറിയാൻ ജില്ലയിലെ വിദ്യാർഥികൾക്കുവേണ്ടി ‘കാടറിവ് 2023’ പ്രകൃതി പഠന ക്യാമ്പ് സംഘടിപ്പിച്ചു. കേന്ദ്ര വനംപരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റേയും കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റേയും ആഭിമുഖ്യത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ കോഴിക്കോട് ദേശീയ ഹരിത സേനയാണ് ക്യാമ്പ് സംഘടിപ്പിച്ചത്. ആറളം വന്യജീവി സങ്കേതത്തിലേക്ക് നടത്തിയ ത്രിദിന പഠന ക്യാമ്പിൽ ജില്ലയിലെ വിവിധ സ്കൂളുകളിലെ ഇക്കോ ക്ലബ്ബുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 41 വിദ്യാർഥികളും ഏഴ് അധ്യാപകരും പങ്കെടുത്തു. ദേശീയ ഹരിത സേന ജില്ലാ കോ-ഓർഡിനേറ്റർ പി. സിദ്ധാർത്ഥൻ, കോഴിക്കോട് വിദ്യാഭ്യാസ ജില്ലാ കോ-കോർഡിനേറ്റർ രമേഷ് ബാബു പി. എന്നിവർ യാത്രയ്ക്ക് നേതൃതം നൽകി. പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ എം.എ ജോൺസൺ യാത്ര ഫ്ളാഗ് ഓഫ് ചെയ്തു. കാട്ടിലെ ജൈവവൈവിധ്യം നേരിട്ടറിയാൻ സാധിച്ചതിനുപുറമേ ഇന്ത്യയിലേയും കേരളത്തിലേയും വിവിധ വന്യജീവി സങ്കേതങ്ങൾ, മൃഗങ്ങൾ, വൃക്ഷങ്ങൾ, പാമ്പുകൾ, പക്ഷികൾ, പുഴകൾ തുടങ്ങിയവയെക്കുറിച്ച് ക്ലാസുകളും നൽകി. വനംവകുപ്പ് ഉദ്യോഗസ്ഥനായ സുശാന്ത്, മാർക് സെക്രട്ടറി റിയാസ് എന്നിവർ ക്ലാസുകൾ നയിച്ചു. പങ്കെടുത്ത എല്ലാ വിദ്യാർഥികൾക്കും അധ്യാപകർക്കും സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

## എന്റേത് മാത്രം ശരി, ബാക്കിയെല്ലാം തെറ്റെന്ന് ശഠിക്കുമ്പോൾ തകരുന്നത് വിശ്വാസങ്ങൾ: ഗോവ ഗവർണർ പി.എസ് ശ്രീധരൻപിള്ള

കോഴിക്കോട്: എന്റേത് മാത്രം ശരി, ബാക്കിയെല്ലാം തെറ്റെന്ന് ശഠിക്കുമ്പോൾ തകരുന്നത് വിശ്വാസങ്ങളാണെന്ന് ഗോവ ഗവർണർ പി.എസ് ശ്രീധരൻപിള്ള പറഞ്ഞു. ആരാണ് സുപ്രീം എന്ന ചോദ്യത്തിന് ജനങ്ങളാണ് സുപ്രീം എന്നാണുത്തരം, എസ്.കെ പൊറ്റെക്കാട്ട് സാഹിത്യ അവാർഡ് സമർപ്പണ ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വികാരത്താൽ നിയന്ത്രിക്കപ്പെടുന്ന സമൂഹമല്ല, വിവേകത്താൽ നയിക്കപ്പെടുന്ന സമൂഹമാണ് വേണ്ടത്. അനുഭവങ്ങളാണ് മനുഷ്യനെ കരുത്തനാക്കുന്നതെന്നതിന് നിദർശനമാണ് എസ്.കെ പൊറ്റെക്കാട്ട്. ജീവിതാനുഭവങ്ങൾ ഒപ്പിയെടുത്ത് വായനക്കാരിലേക്ക് എത്തിച്ചതാണ് എസ്.കെയുടെ മഹത്വമെന്നദ്ദേഹം കൂട്ടിച്ചേർത്തു. അവാർഡ് ജേതാക്കളെ ഷക്കീബ് കൊളക്കാടൻ പരിചയപ്പെടുത്തി.

ജസ്റ്റിസ് സി.പി മുഹമ്മദ് നിയാസ് അവാർഡ് സമർപ്പണം നടത്തി. എം.വി കുഞ്ഞാമു പൊന്നാടയണിയിച്ചു. എസ്.കെ പൊറ്റെക്കാട്ട് അനുസ്മരണ പ്രഭാഷണം പ്രൊഫ.കെ.വി തോമസ് നിർവഹിച്ചു. അവാർഡ് ജോതാക്കളായ അഡ്വ.അരുൺ കെ.ധൻ, രമേഷ് ശങ്കരൻ എന്നിവർ പ്രതിസ്പന്ദംനടത്തി. എസ്.കെ പൊറ്റെക്കാട്ടിനെ കുറിച്ച് മകൾ സുമിത്ര ജയപ്രകാശ് സംസാരിച്ചു. എം.പി ഇമ്പിച്ചഹമ്മദ് സ്വാഗതവും സി.ഇ.വി അബ്ദുൽ ഗഫൂർ നന്ദിയും പറഞ്ഞു.



എസ്.കെ പൊറ്റെക്കാട്ട് സാഹിത്യ അവാർഡ് സമർപ്പണ ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന ഗോവ ഗവർണർ പി.എസ് ശ്രീധരൻപിള്ള

## ‘മൊറാർജി ദേശായി’ അനുസ്മരണ സമ്മേളനം നടത്തി



മൊറാർജി ദേശായി അനുസ്മരണ സമ്മേളനം ജനതാദൾ എസ് കോഴിക്കോട് ജില്ലാ പ്രസിഡന്റ് കെ.കെ അബ്ദുല്ല ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

കോഴിക്കോട്: മുൻ പ്രധാനമന്ത്രിയും പ്രമുഖ ഗാന്ധിയനും സ്വാതന്ത്ര്യ സമര സേനാനിയുമായിരുന്ന മൊറാർജി ദേശായിയുടെ ജന്മവാർഷിക ദിനത്തോടനുബന്ധിച്ച് മൊറാർജി ദേശായി അനുസ്മരണ സമിതിയുടെ ആഭിമുഖ്യത്തിൽ അനുസ്മരണ സമ്മേളനം നടത്തി. രാജ്യത്തെ ഏകാധിപത്യ ഭരണത്തിനെതിരേയും അടിയന്തരാവസ്ഥക്ക് എതിരേയുള്ള സമരത്തിന് അദ്ദേഹം നേതൃത്വം നൽകി. ജയിൽവാസം അനുഷ്ഠിച്ചു, അന്നത്തെ പ്രതിപക്ഷ പാർട്ടികളെ യോജിപ്പിക്കുന്നതിൽ നേതൃത്വപരമായ പങ്കുവഹിച്ചു. പ്രധാനമന്ത്രി എന്ന നിലക്ക് രാജ്യത്തെ ജനാധിപത്യം പുനഃസ്ഥാപിക്കുന്നത് നേതൃത്വപരമായ പങ്കുവഹിച്ചുവെന്നും അനുസ്മരണ സമ്മേളനം ചൂണ്ടിക്കാട്ടി. അനുസ്മരണ സമിതി ചെയർമാൻ ആർ.ജയന്ത്കുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ജനതാദൾ എസ് കോഴിക്കോട് ജില്ലാ പ്രസിഡന്റ് കെ.കെ അബ്ദുല്ല ഉദ്ഘാടനം ചെയ്തു യോഗത്തിൽ പി.ടി ആസാദ്, കെ.പി അബൂബക്കർ, അസീസ് മണലൊടി, അഡ്വ. എ.കെ ജയകുമാർ, പി.കെ കബീർ, പി.എം മുസമ്മിൽ, കെ.ബീരാൻ കുട്ടി, എ.വി അബ്ദുൽ ഗഫൂർ എന്നിവർ പ്രസംഗിച്ചു.



ശ്രീരഞ്ജിനി ചേവായൂരിന്റെ നോവലായ ‘വെയിൽപ്പക്ഷികൾ ചിരിക്കുമ്പോൾ’ സാമൂതിരി ഗുരുവായൂരപ്പൻ കോളേജിലെ മലയാള ഗവേഷണ വിഭാഗം മേധാവിയും നിരൂപകനുമായ ഡോ. ശ്രീശൈലം ഉണ്ണികൃഷ്ണന് നൽകി പ്രകാശനം നിർവഹിക്കുന്ന പി.കെ പാറക്കടവ്

## ചെറിയ നോവലുകൾക്ക് പ്രസക്തിയേറുന്നു: പി.കെ പാറക്കടവ്

കോഴിക്കോട്: തിരക്കേറിയ വർത്തമാനകാലത്ത് ചെറിയ നോവലുകൾക്ക് പ്രസക്തിയേറുന്നതായി സാഹിത്യകാരൻ പി.കെ പാറക്കടവ്. ശ്രീരഞ്ജിനി ചേവായൂരിന്റെ നോവലായ ‘വെയിൽപ്പക്ഷികൾ ചിരിക്കുമ്പോൾ’ സാമൂതിരി ഗുരുവായൂരപ്പൻ കോളേജിലെ മലയാള ഗവേഷണ വിഭാഗം മേധാവിയും നിരൂപകനുമായ ഡോ. ശ്രീശൈലം ഉണ്ണികൃഷ്ണന് നൽകി പ്രകാശനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ‘വെയിൽപ്പക്ഷികൾ ചിരിക്കുമ്പോൾ’ മലയാളിക്ക് പുതിയൊരു വായനാനുഭവമാണ് സമ്മാനിക്കുകയെന്ന് പി.കെ. പാറക്കടവ് പറഞ്ഞു. മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ പി. അനിലിന് നൽകിക്കൊണ്ട് കോർപറേഷൻ കൗൺസിലർ കെ. ഈസ അഹമ്മദ് പുസ്തകത്തിന്റെ ആദ്യ വിൽപന നിർവഹിച്ചു. ഇൻഡോർ സ്റ്റേഡിയം ഹാളിൽ നടന്ന ചടങ്ങിൽ സാഹിത്യകാരനും കൺസ്യൂമർ ആക്റ്റിവിസ്റ്റുമായ വത്സൻ നെല്ലിക്കോട് അധ്യക്ഷത വഹിച്ചു. സാഹിത്യ പബ്ലിക്കേഷൻസ് എഡിറ്റർ സുദീപ് തെക്കേപ്പാട്ട്, ദർശനം ലൈബ്രറി രക്ഷാധികാരി എം.എ ജോൺസൺ, കഥാകാരി ശ്രീലത രാധാകൃഷ്ണൻ, ജഗത്മയൻ ചന്ദ്രപുരി, റഹീം പൂവാട്ടുപറമ്പ്, ശ്രീരഞ്ജിനി ചേവായൂർ സംസാരിച്ചു. സാഹിത്യ പബ്ലിക്കേഷൻസാണ് പ്രസാധകർ.

## കുതിരവട്ടം പപ്പു നാടക – സിനിമ മേഖലകളിൽ മികവ് തെളിയിച്ച ബഹുമുഖ പ്രതിഭ: മേയർ ബീന ഫിലിപ്പ്

### പപ്പുവിന്റെ പ്രതിമ നഗരത്തിൽ സ്ഥാപിക്കണമെന്ന ആവശ്യം കോർപറേഷൻ പരിഗണിക്കും

കോഴിക്കോട്: അനവധി സിനിമകളിലും നാടകങ്ങളിലും അഭിനയിച്ച കുതിരവട്ടം പപ്പു ഹാസ്യനടൻ എന്നതിലുപരി സ്വഭാവനടനായും മികവ് തെളിയിച്ച ബഹുമുഖ പ്രതിഭയായിരുന്നെന്ന് മേയർ ബീന ഫിലിപ് പറഞ്ഞു. പപ്പുവിന്റെ 23ാം ചരമവാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മേയർ. നഗരത്തിൽ പപ്പുവിന്റെ പ്രതിമ സ്ഥാപിക്കുന്നത് കോർപറേഷൻ അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് അവർ പറഞ്ഞു. മികച്ച ഡോക്യുമെന്ററിക്കുള്ള ജോൺ എബ്രഹാം സ്മാരക പുരസ്കാര ജേതാവ് ഷാജി പട്ടിക്കരക്ക് മേയർ ഉപഹാരം നൽകി. സെക്രട്ടറി കുന്നോത്ത് അബൂബക്കർ, ഷാജി പട്ടിക്കരയെ പൊന്നാട അണിയിച്ചു. ചടങ്ങിൽ മക്കൾ പ്രസിഡന്റ് ഷെവലിയാർ സി.ഇ ചാക്കുണ്ണി അധ്യക്ഷത വഹിച്ചു. തിരക്കഥാകൃത്തും നോവലിസ്റ്റുമായ പി.ആർ നാഥൻ അനുസ്മരണ പ്രഭാഷണം നടത്തി. അങ്ങാടി എന്ന സിനിമയിലെ ‘പാവാട വേണം മേലാട വേണം’ എന്ന ഗാനം പ്രമുഖ ചലച്ചിത്ര പിന്നണി ഗായകൻ പി.കെ. സുനിൽകുമാർ ആലപിച്ചു. പപ്പുവിന്റെ ഡയലോഗുകൾ സാമൂഹിക-സാംസ്കാരിക- രാഷ്ട്രീയ മേഖലകളിൽ ഏറെ പ്രസക്തിയോടെ ദൃശ്യമാധ്യമങ്ങളിൽ കാണുന്നുവെന്ന് പങ്കെടുത്തവർ അനുസ്മരിച്ചു. കമാൽ വരദൂർ, വിത്സൻ സാമുവൽ, നവാസ് പൂനൂർ, ജയശങ്കർ പൊതുവത്ത്, നടൻമാരായ ഇല്ലിക്കെട്ട് നമ്പൂതിരി, അഡ്വ.എം.കെ അയ്യപ്പൻ, കാലിക്കറ്റ് ചേംബർ പ്രസിഡന്റ് റാഫി പി. ദേവസ്യ, ചേംബർ സെക്രട്ടറി എ.പി.അബ്ദുള്ള കുട്ടി, ഡോ. എം.പി പത്മനാഭൻ, കെ.സി മാത്യു, എം.ഐ ജയ്സൺ, എം.ശ്രീരാം, മുരളി ലൂമിനസ്, മുരളി ബേപ്പൂർ , റോയിസൺ ആഹ്വാൻ, നവാസ് പൂനൂർ, ജഗദ് മയൻ ചന്ദ്രപുരി, എം.എം സെബാസ്റ്റ്യൻ എന്നിവർ സംസാരിച്ചു. പ്രോഗ്രാം കോ-ഓർഡിനേറ്റർ ടി.പി വാസു സ്വാഗതവും, കൺവീനർ പി.ഐ.അജയൻ നന്ദിയും പറഞ്ഞു.



മികച്ച ഡോക്യുമെന്ററിക്കുള്ള ജോൺ എബ്രഹാം സ്മാരക പുരസ്കാരം നേടിയ ഷാജി പട്ടിക്കരക്ക് മേയർ ഉപഹാരം നൽകിയപ്പോൾ

## ഊർജ്ജ കിരൺ ക്യാമ്പയിൻ സമാപിച്ചു

ബാലുശ്ശേരി: സംസ്ഥാന ഊർജ്ജ വകുപ്പിന്റെ എനർജി മാനേജ്മെന്റ് സെന്റർ കേരളയും കേന്ദ്ര ഊർജ്ജ വകുപ്പിന്റെ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയും ചേർന്ന് തിരുവനന്തപുരം സെന്റർ ഫോർ എൺ വയോൺമെന്റ് ആന്റ് ഡവലപ്മെന്റിന്റെ പിന്തുണയോടെ സംഘടിപ്പിച്ചുവന്ന ഊർജ്ജ കിരൺ ശിൽപശാലകൾ സമാപിച്ചു.

ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.കെ അനിത ഉദ്ഘാടനം ചെയ്തു.




ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ ഊർജ്ജ കിരൺ ശിൽപശാലയിൽ പരിശീലന ക്ലാസെടുക്കുന്ന ഇ.എം.സി റിസോഴ്സ് പേഴ്സൺ കെ.പവിത്രൻ

വൈസ് പ്രസിഡന്റ് ടി.എം ശശി അധ്യക്ഷത വഹിച്ചു. ബാലുശ്ശേരി ഹോം ഷോപ്പ് പദ്ധതി കോ-ഓർഡിനേറ്റർ പ്രസാദ് കൈതക്കൽ , അമ്പാടി കുടുംബശ്രീ പ്രസിഡന്റ് സുരഭി.കെ , ദർശനം ഗ്രന്ഥശാല സെക്രട്ടറി എം.എ ജോൺസൺ എന്നിവർ പ്രസംഗിച്ചു. പ്രവർത്തനരഹിതമായ 52 എൽ.ഇ.ഡി ബൾബുകൾ പുനരുപയോഗപ്രദമാക്കാനും ബ്രഷ്ലെസ് ഡിസി ഫാനുകൾ അസംബ്ലിംഗ് ചെയ്യാനുമുള്ള പരിശീലനം ഇ.എം. സി റിസോഴ്സ് പേഴ്സൺ കെ.പവിത്രൻ നടത്തി. ബേപ്പൂർ ,കോഴിക്കോട് നോർത്ത് , ബാലുശ്ശേരി നിയോജക മണ്ഡലങ്ങളിൽ കോഴിക്കോട് ദർശനം ഗ്രന്ഥാലയം നടത്തിവന്ന ഊർജ്ജ കിരൺ ബോധവത്ക്കരണ ക്യാമ്പയിൻ ഇതോടെ സമാപിച്ചു.

## പരീക്ഷാകാലത്ത് ഉച്ചത്തിലുള്ള ലൗഡ്സ്പീക്കർ ഒഴിവാക്കണം: ഡോ.ഹുസൈൻ മടവൂർ

കോഴിക്കോട്: എസ്.എസ്.എൽ.സി, പ്ലസ്ടു മോഡൽ പരീക്ഷകൾ തുടങ്ങുകയും തുടർന്ന് പൊതുപരീക്ഷകൾ മാർച്ച് ഒമ്പതിന് ആരംഭിക്കുകയും ഇതിനിടയിൽ മറ്റ് ക്ലാസുകളിലെ പരീക്ഷകളും നടക്കുന്ന പശ്ചാത്തലത്തിൽ ലൗഡ് സ്പീക്കർ ഉപയോഗിച്ച് ഉച്ചത്തിൽ ശബ്ദത്തോടെ പരിപാടികൾ നടത്തുമ്പോൾ കുട്ടികളുടെ പഠനം തടസ്സപ്പെടുമെന്നും



ഇക്കാര്യത്തിൽ രാഷ്ട്രീയ-സാംസ്കാരിക-മതപ്രവർത്തകർ ശ്രദ്ധിക്കണമെന്നും ഡോ.ഹുസൈൻ മടവൂർ അഭ്യർഥിച്ചു. കുട്ടികൾ ഏകാഗ്രതയോടെ പഠനം നടത്തേണ്ട സമയമാണിത്. വലിയ ഉച്ചത്തിൽ ലൗഡ് സ്പീക്കർ ഉപയോഗിച്ചുള്ള പരിപാടികൾ ഒഴിവാക്കി ശബ്ദം കുറഞ്ഞ നിലയിൽ പ്രവർത്തിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ വോട്ടെണ്ണൽ നാളെ

ന്യൂഡൽഹി: ഫെബ്രുവരി 27ന് തെരഞ്ഞെടുപ്പ് നടന്ന നാഗാലാൻഡിലെ നാല് പോളിംഗ് സ്റ്റേഷനുകളിൽ തെരഞ്ഞെടുപ്പ് റദ്ദാക്കിക്കൊണ്ട് തെരഞ്ഞെടുപ്പ് കമ്മീഷൻ ഉത്തരവിട്ടു. തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ നൽകിയ റിപ്പോർട്ടിൽമേലാണ് നടപടിയെന്നും തെരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. ഈ നാല് സ്റ്റേഷനുകളിലും ഇന്ന് തെരഞ്ഞെടുപ്പ് നടക്കുകയാണ്. അതേസമയം,തെരഞ്ഞെടുപ്പ് നടന്ന വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ നാളെ രാവിലെ ഏഴ് മണി മുതൽ വോട്ടെണ്ണൽ തുടങ്ങും. ത്രിപുരയിൽ 60 മണ്ഡലങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് ഫെബ്രുവരി 16 നായിരുന്നു നടന്നത്. 89 ശതമാനം പോളിംഗ് രേഖപ്പെടുത്തി. മേഘാലയിലും നാഗാലാൻഡിലും 59 മണ്ഡലങ്ങളിൽ മത്സരം നടന്നു. ഫെബ്രുവരി 27 നായിരുന്നു തെരഞ്ഞെടുപ്പ്, മേഘാലയിൽ 74ഉം നാഗാലാൻഡിൽ 82% പോളിംഗാണ് അന്ന് അഞ്ച് മണി വരെ രേഖപ്പെടുത്തിയത്.



നാഗാലാൻഡിൽ എൻ.ഡി.പി.പി-ബിജെപി സഖ്യം അധികാരം നിലനിർത്തുമെന്നും മേഘാലയയിൽ തൂക്കുസഭ ആയിരിക്കുമെന്നും എക്സിറ്റ് പോളുകൾ പറയുന്നു. ത്രിപുരയിൽ കോൺഗ്രസും സി.പി.ഐ.എമ്മും ഒരുമിച്ചത് ബി.ജെ.പിയെ പരാജയപ്പെടുത്തുക എന്ന ഒറ്റ ലക്ഷ്യത്തിലാണ്. എന്നാൽ ഇംഗ്ലീഷ്, ഹിന്ദി മാധ്യമങ്ങളുടെ എക്സിറ്റ് പോളുകളിൽ മിക്കവയും ബിജെപി സഖ്യത്തിന് തുടർ ഭരണം പ്രവചിക്കുന്നു. ചില പ്രാദേശിക മാധ്യമങ്ങൾ ഇടത്-കോൺഗ്രസ് സഖ്യത്തിന് 42 സീറ്റ് വരെ ലഭിക്കും എന്നും ചൂണ്ടിക്കാട്ടുന്നുണ്ട്. ആർക്കും കേവല ഭൂരിപക്ഷം ഇല്ലാത്ത അവസ്ഥയുണ്ടായാൽ പ്രദ്യുത് ദേബ് ബർമന്റെ തിപ്ര മോത പാർട്ടിയുടെ നിലപാടിനനുസരിച്ചാകും സർക്കാർ രൂപീകരണം. ആദിവാസി മേഖലയിലെ വോട്ട് ബി.ജെ.പി സഖ്യത്തിൽ നിന്ന് തിപ്ര മോത പിടിച്ചെടുക്കാനാണ് സാധ്യത. മേഘാലയയിൽ മുഖ്യമന്ത്രി കോൺറാഡ് സാങ്മയുടെ എൻ.പി.പി തന്നെ വലിയ ഒറ്റക്കക്ഷിയാകും എന്ന് എക്സിറ്റ് പോളുകൾ പ്രവചിക്കുന്നുണ്ട്. എന്നാൽ കേവല ഭൂരിപക്ഷം ലഭിക്കാനിടയില്ല. അസം മുഖ്യമന്ത്രി ഹിമന്ദ ബിശ്വ ശർമയുമായി കോൺറാഡ് സാങ്മ കഴിഞ്ഞ ദിവസം ഗുവാഹത്തിയിൽ വച്ച് കൂടിക്കാഴ്ച നടത്തി. സഖ്യം സംബന്ധിച്ച ധാരണ ഈ കൂടിക്കാഴ്ചയിൽ ഉണ്ടായതായാണ് വിവരം. പല തവണ മേഘാലയ ഭരിച്ച കോൺഗ്രസ് ഇത്തവണ തകർന്നടിയുമെന്നും കോൺഗ്രസ് വോട്ടുകൾ തൃണമൂൽ കോൺഗ്രസ് പിടിച്ചെടുക്കുമെന്നും വിലയിരുത്തലുകളുണ്ട്. നാഗാലാൻഡിൽ പക്ഷേ വലിയ മത്സരം നടക്കുന്നില്ല. മുഖ്യമന്ത്രി നെഫ്യു റിയോയുടെ എൻ.ഡി.പി.പിയും ബി.ജെ.പിയും ചേർന്നുള്ള സഖ്യം ആകെയുള്ള അറുപതിൽ നാൽപ്പത്തിയഞ്ച് വരെ സീറ്റ് നേടാനുള്ള സാധ്യത കൽപ്പിക്കപ്പെടുന്നു. എൻ.പി.എഫ് പത്ത് സീറ്റിലേക്ക് പതിക്കുമെന്നും എക്സിറ്റ് പോളുകൾ വ്യക്തമാക്കി.

# ഇ.ഡി റിപ്പോർട്ടെന്ന് പറഞ്ഞ് വിരട്ടേണ്ട: എം.വി ഗോവിന്ദൻ മാസ്റ്റർ

തിരുവനന്തപുരം: മടിയിൽ കനമില്ലാത്തത്കൊണ്ട് ഇ.ഡിയെ ഞങ്ങൾക്ക് പേടിയില്ലെന്നും ഇ.ഡി റിമാൻഡ് റിപ്പോർട്ട് എന്ന് പറഞ്ഞാൽ സി.പി.എം പേടിക്കില്ലെന്നും സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദൻ മാസ്റ്റർ. ഇതേ റിപ്പോർട്ടൊക്കെ ഡൽഹിയിലും ഉണ്ടായിരുന്നിട്ടും സോണിയ ഗാന്ധിയും രാഹുലും തള്ളി പറഞ്ഞില്ലേ എന്ന് അദ്ദേഹം ചോദിച്ചു. ഞങ്ങൾക്ക് ഒരുനിലപാടെ ഉള്ളൂ. ഇ.ഡി അന്വേഷണങ്ങൾ രാഷ്ട്രീയ പകപോക്കലാണെന്ന് കോൺഗ്രസിന്റെ ദേശീയ നേതൃത്വം പറയുന്നു.



എന്നാൽ ദേശീയ തലത്തിൽ കോൺഗ്രസ് എടുക്കുന്ന നിലപാടല്ല ഇവിടെ കമ്മ്യൂണിസ്റ്റ് വിരുദ്ധതമൂലം കോൺഗ്രസ് എം.എൽ.എമാരും പ്രതിപക്ഷ നേതാവും കെ.പി.സി.സി പ്രസിഡന്റും സ്വീകരിക്കുന്നത്. സാമൂഹ്യ ക്ഷേമപെൻഷൻ കിട്ടില്ല, കുറേപേർ അതിൽനിന്ന് പുറത്തുപോകും എന്നതെല്ലാം തെറ്റായ പ്രചരണമാണ്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് അംശാദായം കുടിശ്ശിക പിഴ സഹിതം അടച്ച് അംഗത്വം പുനഃസ്ഥാപിക്കാൻ ഒരു മാസംകൂടി സർക്കാർ സാവകാശം നൽകിയിട്ടുണ്ട്. മാർച്ച് 31 വരെയാണ് തീയതി നീട്ടിയിട്ടുള്ളത്. ഗ്യാസിന്റെ വില എത്രവേണേലും വർധിപ്പിച്ചോ എന്നാണ് കേന്ദ്രം കമ്പനികളോട് പറയുന്നത്. സ്ഥിരമായി കൂട്ടികൊണ്ടിരുന്നത് വീണ്ടും കൂട്ടി. അതെല്ലാം അദാനിക്കും അംബാനിക്കും കുത്തക കുടുംബങ്ങൾക്ക് വേണ്ടിയാണെന്നും അവരെ സഹായിക്കുകയാണ് മോദി സർക്കാർ ചെയ്യുന്നതെന്നും എം.വി ഗോവിന്ദൻ പറഞ്ഞു. കോൺഗ്രസ് ആണ് പാചക വാതക വില തീരുമാനിക്കാൻ കമ്പനികളെ ചുമതലപ്പെടുത്തിയതെന്നും അത് മോദി സർക്കാർ തോന്നിയപോലെ കൂട്ടുന്നുവെന്നും അദ്ദേഹം ആരോപിച്ചു.

## പണിമുടക്കിനിടെ സർക്കാർ ജീവനക്കാർക്ക് 17% ശമ്പളവർധന പ്രഖ്യാപിച്ച് കർണാടക സർക്കാർ

ബെംഗളൂരു: കർണാടകത്തിൽ ഇന്ന് മുതൽ അഞ്ച് ലക്ഷത്തോളം വരുന്ന സർക്കാർ ജീവനക്കാർ അനിശ്ചിത കാല പണിമുടക്ക് ആരംഭിച്ചിരിക്കേ ഇടക്കാലാശ്വാസമായി ഒറ്റയടിക്ക് 17% ശമ്പളവർധന പ്രഖ്യാപിച്ച് സർക്കാർ. ഏഴാം ശമ്പളക്കമ്മീഷൻ റിപ്പോർട്ട് ലഭിച്ചാലുടൻ പുതിയ ശമ്പള സ്കെയിൽ നടപ്പാക്കുമെന്നും മുഖ്യമന്ത്രി ബസവരാജ് ബൊമ്മൈ വ്യക്തമാക്കി. ശമ്പളക്കമ്മീഷൻ വർധന നടപ്പാക്കണമെന്നും, ദേശീയ പെൻഷൻ സ്കീം പിൻവലിക്കണമെന്നുമാണ് സമരം ചെയ്യുന്ന ജീവനക്കാരുടെ ആവശ്യം. സർക്കാർ ആശുപത്രികളിലെ ഒ.പി സംവിധാനങ്ങളും ബി.ബി.എം.പി ഓഫിസുകളും റവന്യൂ ഓഫിസുകളും അടക്കം നിരവധി അവശ്യസേവനങ്ങൾ



മുടങ്ങിയ സാഹചര്യത്തിലാണ് മുഖ്യമന്ത്രിയുടെ അടിയന്തര പ്രഖ്യാപനം. സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചെങ്കിലും കർണാടക ആർ.ടി.സി പണിമുടക്കിൽ പങ്കെടുത്തിരുന്നില്ല. മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിന് പിന്നാലെ സമരം പിൻവലിച്ചതായി ജീവനക്കാരുടെ സംഘടന അറിയിച്ചു.

**സി.എം രവീന്ദ്രൻ ഏഴിന് ഹാജരാകണം**

## ലൈഫ് മിഷൻ അഴിമതിയിൽ നിലപാട് കടുപ്പിച്ച് ഇ.ഡി

കൊച്ചി: ലൈഫ് മിഷൻ അഴിമതി കേസിൽ മുഖ്യമന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി സി.എം രവീന്ദ്രൻ ഏഴിന് ഹാജരാകാൻ ഇ.ഡി നോട്ടീസ്. കഴിഞ്ഞ ദിവസം ചോദ്യം ചെയ്യാൻ നോട്ടീസ് കൈമാറിയെങ്കിലും നിയമസഭ ചേരുന്നതിനാൽ എത്താൻ സാധിക്കില്ലെന്നായിരുന്നു രവീന്ദ്രന്റെ നിലപാട്. ഇതിന് പിന്നാലെയാണ് വീണ്ടും നോട്ടീസ് കൈമാറിയിരിക്കുന്നത്. ഇത്തവണ ചോദ്യം ചെയ്യലിന് ഹാജരായില്ലങ്കിൽ അറസ്റ്റ് ഉൾപ്പെടെയുള്ള കനത്ത നടപടികളിലേക്ക് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് നീങ്ങുമെന്നാണ് സൂചന.

ഏഴാം തിയതി ഹാജരാകാണം. രാവിലെ 10.30 ന് കൊച്ചി ഓഫിസിൽ ഹാജരാകാൻ ആണ് നിർദേശം. അതേസമയം, ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് ഇഡി നോട്ടീസ് കൈമാറി. പി.ബി നൂഹ് ഐ.എ.എസ് ഇന്ന് ഹാജരാകണമെന്നാണ് നോട്ടീസ്. ലൈഫ് മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ തേടുന്നതിനാണ് ഹാജരാകാൻ നിർദേശിച്ചത്. വടക്കാഞ്ചേരി പദ്ധതിയുടെ കരാർ വിശദാംശങ്ങളിലടക്കം വ്യക്തതയുണ്ടാക്കും.

## റോഡ് വീതികൂട്ടൽ: സ്ഥലം ഏറ്റെടുക്കലിനെ ന്യായീകരിച്ച് എം.വി ജയരാജൻ

കണ്ണൂർ: പയ്യന്നൂർ പെരുമ്പ മാതമംഗലം റോഡ് വീതികൂട്ടാൻ നഷ്ടപരിഹാരം നൽകാതെയുള്ള സ്ഥലം ഏറ്റെടുക്കലിനെ ന്യായീകരിച്ച് സി.പി.ഐ.എം ജില്ലാ സെക്രട്ടറി എം.വി ജയരാജൻ. റോഡ് വേണമെന്ന പൊതു ആവശ്യത്തിൽ ഭൂമി നഷ്ടപ്പെടുന്നവർ സഹകരിക്കണം. പണം നൽകാനാകുമോ എന്ന് പരിശോധിക്കാമെന്നും എം.വി ജയരാജൻ പറഞ്ഞു. മാതമംഗലത്തേത് ആദ്യഘട്ടത്തിലെ എതിർപ്പ് മാത്രമെന്ന് എം.വി ജയരാജൻ പറഞ്ഞു. നഷ്ടപരിഹാരം നൽകാതെ



മാതമംഗലം റോഡിന് സ്ഥലമേറ്റെടുക്കുന്നതിനെതിരേ ആകെ 51 പേരാണ് പയ്യന്നൂർ മുൻസിഫ് കോടതിയിൽ നിന്ന് അനുകൂല ഉത്തരവ് നേടിയത്. ഇതിൽ പത്തോളം പേരെ ഭീഷണിപ്പെടുത്തി ഭൂമിയേറ്റെടുക്കുന്നതിന് സമ്മതിപ്പിച്ചു. ബാക്കി വരുന്ന 40 പേരുടെയും ഭൂമി കോടതി ഉത്തരവും പ്രതിഷേധവും മറികടന്ന് പൂർണമായും ജെ.സി.ബി കൊണ്ടുവന്ന് ഇടിച്ച് നിരത്തി. പ്രതിഷേധിച്ച അഭിഭാഷകൻ മുരളി പള്ളത്തിന്റെ വീട്ടിൽ വാഹനങ്ങൾ അടിച്ച് തകർത്തതോടെ ബാക്കിയുള്ളവർക്ക് ഭയമായി. പ്രതികരിച്ചാൽ സമാനമായ ആക്രമണം ഉണ്ടാകുമോ എന്ന പേടിയിൽ മാധ്യമങ്ങൾക്ക് മുന്നിൽ വരാൻ ഇവർ തയ്യാറായില്ല. മതിൽ പൊളിച്ചതിനെതിരേ വിരമിച്ച പട്ടാളക്കാരൻ നൽകിയ പരാതിയിൽ പോലിസ് ഇതുവരെ കേസെടുത്തിട്ടില്ല. ഭീഷണിപ്പെടുത്തിയെന്ന തന്റെ പരാതി പോലിസ് സ്റ്റേഷനിൽ തന്നെ തീർപ്പാക്കാനുള്ള ശ്രമമാണ് നടക്കുന്നതെന്ന് സ്ഥലം വിട്ടു നൽകുന്നതിൽ എതിർപ്പുള്ള ശരണ്യ പറഞ്ഞു. എത്ര പ്രതിഷേധമുണ്ടായാലും പിന്നോട്ടില്ല എന്നാണ് സി.പി.എം നിയന്ത്രണത്തിലുള്ള ജനകീയ സമിതി വ്യക്തമാക്കുന്നത്. വീട്ടുകാർക്ക് നിയമസഹായം കോൺഗ്രസ് നൽകുമെന്ന് സ്ഥലം സന്ദർശിച്ച ഡി.സി.സി പ്രസിഡന്റ് പറഞ്ഞു.

# രണ്ടാം ഭാരത് ജോഡോയാത്ര രാഹുൽ ബ്രിട്ടനിൽ നിന്ന് മടങ്ങിയാലുടൻ

ന്യൂഡൽഹി: ബ്രിട്ടനിൽ പര്യടനം നടത്തുന്ന രാഹുൽ ഗാന്ധി തിരിച്ചെത്തിക്കഴിഞ്ഞാൽ ഭാരത് ജോഡോയാത്രയുടെ രണ്ടാംഘട്ടം ഉടൻ ആരംഭിക്കാൻ കോൺഗ്രസ് തിരുമാനം. ഗുജറാത്തിൽ നിന്നും ആരംഭിച്ച് വടക്കു കിഴക്കൻ സംസ്ഥാനങ്ങളിൽ അവസാനിക്കുന്ന രീതിയിലാണ് ഭാരത് ജോഡോയാത്ര രണ്ടാം ഘട്ടം ആരംഭിക്കുന്നത്. ഈ വർഷം മധ്യത്തിലും അവസാന മാസങ്ങളിലും തിരഞ്ഞെടുപ്പ് നടക്കുന്ന ഏഴ് സംസ്ഥാനങ്ങളിൽ കോൺഗ്രസും ബി.ജെ.പിയുമായി നേരിട്ട് ഏറ്റമുട്ടുന്ന മധ്യപ്രദേശ്, കർണ്ണാടക, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പ് ആരംഭിക്കുന്നതിന് മുമ്പ് തന്നെ രണ്ടാം ഭാരത് ജോഡോയാത്ര ആരംഭിക്കണമെന്നാണ് രാഹുൽ ഗാന്ധിയും കോൺഗ്രസും കണക്കുകൂട്ടുന്നത്. ഇപ്പോൾ രാഹുൽ ഗാന്ധി കേംബ്രിഡ്ജ് യൂണിവഴ്സിറ്റിയിലെ ജഡ്ജ് സ്കൂൾ ഓഫ് മാനേജ്മെന്റിലെ വിദ്യാർത്ഥികളുമായി സംവദിക്കുകയാണ്. അതിന് ശേഷം അദ്ദേഹം ബ്രിട്ടനിലെ വിവിധ ഇന്ത്യൻ വംശജഗ്രൂപ്പുകളുമായും സംവദിക്കും. പിന്നീട് ഇന്ത്യയിൽ തിരിച്ചെത്തിയ ശേഷമായിരിക്കും രണ്ടാം ഭാരത് ജോഡോയാത്രയുടെ റൂട്ടും പ്ലാനും നിശ്ചയിക്കുക.



കേംബ്രിഡ്ജ് യൂണിവഴ്സിറ്റിയിലെ ജഡ്ജ് സ്കൂൾ ഓഫ് മാനേജ്മെന്റിലെ വിദ്യാർഥികളെ അഭിസംബോധന ചെയ്ത് സംസാരിക്കുന്ന രാഹുൽഗാന്ധി

# സൗജന്യ കേൾവി പരിശോധന ക്യാംപും കേൾവി ദിന സംഗമവും മൂന്നിന്

കോഴിക്കോട്: ലോക കേൾവി ദിനമായ മാർച്ച് മൂന്നിന് കോഴിക്കോട് അസെന്റ് ഇ.എൻ.ടി ആശുപത്രിയിൽ കേൾവി ദിന സംഗമവും കേൾവി പരിശോധനാ ക്യാംപും കേൾവി കുറവ് മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കായി ഹോസ്പിറ്റലിൽവച്ച് സൗജന്യ കേൾവി പരിശോധന ക്യാമ്പ് രാവിലെ 9.30 മുതൽ വൈകുന്നേരം 4.30 വരെ നടക്കും. കേൾവി ദിന സംഗമത്തിൽ കോഴിക്കോട് ഉദയം ചാരിറ്റബിൾ സൊസൈറ്റിയിലെ കേൾവി കുറവ് അനുഭവിക്കുന്ന അന്തേവാസികൾക്കുള്ള സൗജന്യ കേൾവി സഹായ വിതരണവും നടക്കും. ചടങ്ങിൽ കേൾവി സഹായികൾ എം. രാഘവൻ എം.പി കോഴിക്കോട് സബ്കലക്ടർ ചെൽസാസിനി ഐ.എ.എസിന് കൈമാറും, ക്യാമ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഹോസ്പിറ്റൽ നമ്പറായ 9072663382 വിളിക്കാവുന്നതാണ്. മുൻകൂട്ടി ബുക്ക് ചെയുന്നവർക് മാത്രം ആയിരിക്കും ക്യാമ്പിൽ പങ്കെടുക്കാൻ കഴിയുകയെന്ന് ആശുപത്രി അധികൃതർ അറിയിച്ചു.

## കുടുംബശ്രീ ഉൽപന്നങ്ങൾ ഇനി ഒ.എൻ.ഡി.സി പ്ലാറ്റ്ഫോമിലേക്ക്

തിരുവനന്തപുരം: കുടുംബശ്രീ ഉൽപന്നങ്ങൾ ഇനി ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ്(ഒ.എൻ.ഡി.സി) പ്ലാറ്റ്ഫോമിലേക്കും. കുടുംബശ്രീ സംരംഭകർ ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങൾ ഫലപ്രദമായി വിറ്റഴിക്കുന്നതിനും അവർക്ക് വരുമാന ലഭ്യത ഉറപ്പു വരുത്തുന്നതിന്റേയും ഭാഗമായാണിത്. ഇ-കൊമേഴ്സ് വിപണന ശൃംഖലയിൽ ഉൽപാദകർക്കും ഉപഭോക്താക്കൾക്കും തുല്യ പ്രാതിനിധ്യം ഉറപ്പു വരുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഒ.എൻ.ഡി.സിയുടെ പ്രവർത്തനം. ഒ.എൻ.ഡി.സി പ്ലാറ്റ്ഫോമിൽ ഉൽപന്നങ്ങളെത്തിച്ചുകൊണ്ട് ഈ രംഗത്തെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുമെന്നാണ് കുടുംബശ്രീ പ്രതീക്ഷിക്കുന്നത്.

നിലവിൽ പ്രമുഖ ഓൺലൈൻ വ്യാപാര സ്ഥാപനങ്ങളായ ആമസോൺ വഴി 635ഉം ഫ്ളിപ്കാർട്ടിലൂടെ 40 ഉം കുടുംബശ്രീ ഉൽപന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. ഡിജിറ്റൽ കൊമേഴ്സ് രംഗത്തെ ഉപഭോക്താക്കൾക്കിടയിൽ ഈ ഉൽപന്നങ്ങൾക്ക് ലഭിക്കുന്ന സ്വീകാര്യത കണക്കിലെടുത്താണ് ഇപ്പോൾ ഒ.എൻ.ഡി.സിയുമായി കൈകോർക്കുന്നത്.

ആദ്യഘട്ടമായി സംസ്ഥാനത്തെ വിവിധ കുടുംബശ്രീ സംരംഭകർ ഉൽപാദിപ്പിക്കുന്ന ഭക്ഷ്യോൽപന്നങ്ങൾ ഉൾപ്പെടെ 140 വ്യത്യസ്ത ഉൽപന്നങ്ങൾ ഒ.എൻ.ഡി.സി പ്ലാറ്റ്ഫോമിൽ ലഭ്യമാക്കും. കൂടാതെ അട്ടപ്പാടിയിലെ പട്ടികവർഗ മേഖലയിൽ നിന്നുള്ള കുടുംബശ്രീ സംരംഭകർ തയ്യാറാക്കുന്ന ബ്രാൻഡഡ് ഉൽപന്നങ്ങളും ഇതിലൂടെ ലഭ്യമാകും. സുഗന്ധവ്യഞ്ജനങ്ങളും ഇതിൽ ഉൾപ്പെടും. ഉപഭോക്താക്കൾക്ക് ഒ.എൻ.ഡി.സി പ്ലാറ്റ്ഫോമിൽ ലഭ്യമാകുന്ന ബയർ ആപ്ലിക്കേഷനുകൾ വഴി തങ്ങൾക്കിഷ്ടമുള്ള ഉൽപ്പന്നങ്ങൾ വാങ്ങാനാകും. ഓർഡർ നൽകുന്നതോടൊപ്പം രാജ്യത്തെവിടേയും ഡെലിവറി ചെയ്യാനുള്ള സേവന ദാതാവിനെ തിരഞ്ഞെടുക്കാനുള്ള സൗകര്യവും ഉപഭോക്താവിനുണ്ട്. ഓർഡർ പ്രകാരമുള്ള ഉൽപ്പന്നങ്ങൾ തൃശൂരിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ ബസാറിൽ നിന്നും പായ്ക്ക് ചെയ്ത് അയയ്ക്കും. ഇതിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

രാജ്യത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്കും ചെറുകിട വ്യാപാരികൾക്കും തങ്ങളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ഉൽപന്ന വിപണനം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഭാരത സർക്കാരിന്റെ പദ്ധതിയാണ് ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ്. ഇതിൽ കുടുംബശ്രീ ഉൽപന്നങ്ങൾ എത്തിക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകുന്നത് ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സെൽമെട്രിക് പ്രൈവറ്റ് ലിമിറ്റഡാണ്.

## രാഹുൽ ഗാന്ധിയെ പ്രധാനമന്ത്രി ആവാസ് യോജനയിലുൾപ്പെടുത്തി വീട് നിർമിച്ച് നൽകണമെന്ന അപേക്ഷയുമായി ബി.ജെ.പി



ന്യൂഡൽഹി: കോൺഗ്രസ് പ്ലീനറി സമ്മേളനത്തിൽ സ്വന്തമായി വീടില്ലെന്നും തനിക്ക് 52 വയസായെന്നുമുള്ള രാഹുൽ ഗാന്ധിയുടെ പ്രസ്താവനയെ കളിയാക്കി സമൂഹമാധ്യമങ്ങളിൽ ബി.ജെ.പി ട്രോളുകൾ നിറഞ്ഞിരുന്നു. അതിനിടയിൽ പ്രധാനമന്ത്രിയുടെ ആവാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി വയനാട് കൽപ്പറ്റയിൽ രാഹുൽ ഗാന്ധി എം.പിക്ക് വീട് നിർമിച്ച് നൽകണമെന്ന അപേക്ഷയുമായി ബി.ജെ.പി രംഗത്ത്. രാഹുൽ ഗാന്ധിയ്ക്ക് വീടും സ്ഥലവും നൽകണമെന്നാണ് ബി.ജെ.പിയുടെ ആവശ്യം. കൽപ്പറ്റ നഗരസഭ സെക്രട്ടറിക്ക് ബി.ജെ.പി വയനാട് ജില്ലാ അധ്യക്ഷൻ കെ.പി മധുവാണ് അപേക്ഷ നൽകിയത്.

## സ്കൂൾ കലോത്സവ നടത്തിപ്പിൽ വീഴ്ച: തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫിസർക്കെതിരേ ലോകായുക്ത

തിരുവനന്തപുരം: 2022ലെ സബ് ജില്ലാതല സ്കൂൾ കലോത്സവ അപ്പീൽ കമ്മിറ്റി ചെയർമാനായി പ്രവർത്തിച്ച ജില്ലാ വിദ്യാഭ്യാസ ഓഫിസർക്കെതിരേ കർശന നടപടി സ്വീകരിക്കണമെന്ന് ലോകായുക്ത. തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫിസർ സുരേഷ് ബാബു ആർ.എസിന് എതിരേയാണ് നടപടി ശുപാർശ. സ്കൂൾ കലോത്സവങ്ങളിലെ അപ്പീൽ തീർപ്പാക്കൽ ഉദ്യോഗസ്ഥർ വെറും പ്രഹസനമാക്കി മാറ്റി എന്ന് നിരീക്ഷിച്ച ലോകായുക്ത ഡിവിഷൻ ബെഞ്ച്, ലോകായുക്ത ആക്റ്റ് സെക്ഷൻ 12 പ്രകാരമുള്ള ശുപാർശ നടപ്പിലാക്കി റിപ്പോർട്ട് സമർപ്പിക്കാൻ അതോറിറ്റിയായ വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദേശം നൽകി. സബ് ജില്ലാ കലോത്സവത്തിൽ പങ്കെടുത്ത പട്ടം ഗവ. ഗേൾസ് സ്കൂളിലെ വിദ്യാർഥിനികൾ കലോത്സവ നടത്തിപ്പിലെ വീഴ്ചകൾ ചൂണ്ടിക്കാട്ടി സംഘാടകർക്ക് എതിരേ ലോകായുക്തയിൽ പരാതി നൽകിയിരുന്നു. ഒപ്പനയിൽ മത്സരിച്ച പരാതിക്കാരുടെ അപ്പീൽ കലോത്സവ മാനുവലിൽ നിഷ്കർഷിച്ച പ്രകാരമല്ല തീർപ്പാക്കിയതെന്ന് അന്വേഷണത്തിൽ ലോകായുക്ത കണ്ടെത്തി.



ആക്ടീവ് കോഴിക്കോടിന്റെ ഓഫിസ് ഉദ്ഘാടനം നിർവഹിക്കുന്ന എഴുത്തുകാരൻ യു.കെ കുമാരൻ

# സാമൂഹ്യ തിന്മകൾക്കെതിരേ പ്രതികരിക്കണം: യു.കെ കുമാരൻ

കോഴിക്കോട്: സമൂഹത്തിൽ നടക്കുന്ന തിന്മകൾക്കെതിരേ പ്രതികരിക്കാതിരിക്കുന്നത് തെറ്റായ പ്രവണതയാണെന്ന് പ്രശസ്ത എഴുത്തുകാരൻ യു.കെ കുമാരൻ പറഞ്ഞു. ആക്ടീവ് കോഴിക്കോടിന്റെ ഓഫിസ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ ആക്ടീവ് പ്രസിഡന്റ് എ.കെ മുഹമ്മദാലി അധ്യക്ഷത വഹിച്ചു. ഡി.സി.സി ജനറൽ സെക്രട്ടറി പി.എം അബ്ദുറഹിമാൻ , അഡ്വ. എം.രാജൻ, ആക്ടീവ് ജനറൽ സെക്രട്ടറി പി.ഐ അജയൻ , ട്രഷറർ എം.ടി ബിജിത്ത്, എം.പി രാമകൃഷ്ണൻ , കെ. അനന്തൻ നായർ , കെ.പത്മകുമാർ എന്നിവർ പ്രസംഗിച്ചു.

# മതപരിവർത്തനം; കർണാടക സർക്കാരിനെതിരേ ബെംഗളൂരു രൂപതാ ആർച്ച് ബിഷപ്പ്



ആർച്ച് ബിഷപ്പ് പീറ്റർ മച്ചാഡോ

ബെംഗളൂരു: ദളിതർക്കും പാവപ്പെട്ടവർക്കും സൗജന്യവിദ്യാഭ്യാസവും വൈദ്യസഹായവും നൽകിയതിന്റെ പേരിൽ തനിക്കെതിരേ മതപരിവർത്തനത്തിന് കേസെടുക്കുമെങ്കിൽ താൻ ഇനിയും അതുതുടരുമെന്ന് ബെംഗളൂരു രൂപതാ ആർച്ച് ബിഷപ്പ് പീറ്റർ മച്ചാഡോ. ക്രിസ്ത്യൻ സ്കൂളുകളിൽ പഠിച്ച എത്ര കുട്ടികൾ മതം മാറ്റപ്പെട്ടിട്ടുണ്ടെന്ന കണക്ക് പുറത്തുവിടാനും ബിഷപ്പ് സർക്കാരിനെ വെല്ലുവിളിച്ചു.

മതപരിവർത്തന നിരോധനനിയമത്തിൽ സൗജന്യം നൽകി മതം മാറ്റരുതെന്ന പരാമർശമുണ്ട്. സൗജന്യം നൽകുന്നത് നിർത്തുമോ എന്ന് മാധ്യമപ്രവർത്തകർ എന്നോട് ചോദിച്ചു. പാവപ്പെട്ടവരെ സഹായിക്കുന്നത് തെറ്റാണെങ്കിൽ അത് ഞാനിനിയും ഇരട്ടി ചെയ്യുമെന്ന് ഞാൻ പറഞ്ഞു. നല്ലത് ചെയ്യുന്നതിൽ നിന്ന് നമ്മളെ തടയാൻ ആർക്കുമാകില്ല. സ്കൂളുകളിൽ എത്ര ബൈബിളുണ്ടെന്ന് കണക്കെടുക്കാൻ വരുന്ന സർക്കാർ ഉദ്യോഗസ്ഥർ, എത്ര കുട്ടികൾ ക്രിസ്ത്യൻ സ്കൂളുകളിൽ നിന്ന് മതം മാറ്റപ്പെട്ടു എന്ന കണക്കെടുക്കട്ടെ. അത് പുറത്തുവിടട്ടെ.

ഇന്നത്തെ കാലത്ത് വിശ്വാസം വെല്ലുവിളി നേരിടുന്നുവെന്നും ക്രിസ്ത്യാനിറ്റി ലോകത്തിന് പ്രതീക്ഷയാണെന്നും മച്ചാഡോ പറഞ്ഞു. ചികിത്സയും വിദ്യാഭ്യാസവും നൽകുന്നത് മതപരിവർത്തനമായിട്ടാണ് കണക്കാക്കുന്നതെങ്കിൽ ഈ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിയോടെ തുടരുമെന്നും പീറ്റർ മച്ചാഡോ പറഞ്ഞു.ബെംഗളൂരു ക്ലാരൻസ് സ്കൂളിൽ ബൈബിൾ നിർബന്ധമാക്കിയെന്ന തരത്തിൽ തീവ്ര ഹിന്ദു സംഘടനകൾ ഉന്നയിച്ച ആരോപണങ്ങളും അദ്ദേഹം കടുത്ത വിമർശനത്തോടെ തള്ളി. കർണാടക സർക്കാർ നിർബന്ധിത മതപരിവർത്തന നിയമം പാസ്സാക്കിയപ്പോൾത്തന്നെ അത് ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുണ്ടെന്ന വിമർശനങ്ങളുയർന്നിരുന്നതാണ്. തെരഞ്ഞെടുപ്പ് കാലത്ത് ക്രിസ്ത്യൻ സമൂഹത്തിന്റെ അടക്കം ന്യൂനപക്ഷവോട്ടുകൾ നിർണായകമാകുന്ന മേഖലകളിൽ ബിഷപ്പിന്റെ വാക്കുകൾ സ്വാധീനം ചെലുത്തിയേക്കും.

ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷൻ ബസേലിയോസ് മാർത്തോമ മാത്യൂസ് ത്രിതീയൻ കാതോലിക്ക ബാവയ്ക്ക് ബെംഗളൂരുവിൽ നൽകിയ സ്വീകരണചടങ്ങിലായിരുന്നു സർക്കാരിനെതിരേ അദ്ദേഹം രൂക്ഷമായ ഭാഷയിൽ വിമർശിച്ചത്.

# പോണ്ടിച്ചേരി യൂണിവേഴ്സിറ്റി ബിരുദദാന ചടങ്ങിൽ ബി.ജെ.പി എം.എൽ.എയുടെ നേതൃത്വത്തിൽ കൈയ്യാങ്കളി



പോണ്ടിച്ചേരി കേന്ദ്ര സർവകലാശാലയിൽ നടന്ന ബിരുദദാന ചടങ്ങിൽ ബി.ജെ.പി എം.എൽ.എ കല്യാണസുന്ദരത്തിന്റെ നേതൃത്വത്തിൽ നടന്ന വാഗ്വാദത്തിൽ നിന്ന്

പുതുച്ചേരി: പോണ്ടിച്ചേരി കേന്ദ്ര സർവകലാശാലയിൽ നടന്ന ബിരുദദാന ചടങ്ങിൽ ബി.ജെ.പി എം.എൽ.എ കല്യാണസുന്ദരത്തിന്റെ നേതൃത്വത്തിൽ കൈയ്യാങ്കളി. നൂറുകണക്കിന് വിദ്യാർഥികളും രക്ഷിതാക്കളും പങ്കെടുത്ത ചടങ്ങാണ് ബി.ജെ.പി എം.എൽ.എ അലങ്കോലപ്പെടുത്തിയത്. ജിപ്മർ ഡയരക്ടർ രാകേഷ് അഗർവാളാണ് അവാർഡ് വിതരണം ചെയ്തത്. ഇതിനെ ചൊല്ലിയാണ് കല്യാണ സുന്ദരം മന്ത്രിമാരായ നമഃശിവായം, സായ് ശരവണൻ, എം.പിമാരായ വി.വൈദ്യലിംഗം, സെൽവഗണപതി എന്നിവർ വേദിയിലിരിക്കെ യൂണിവേഴ്സിറ്റി അധികൃതരുമായി വാക്കേറ്റമുണ്ടായത്. ബിരുദദാന ചടങ്ങിൽ മന്ത്രിമാരേയും എം.പിമാരേയും നിയമസഭാംഗങ്ങളേയും വിശിഷ്ടാതിഥികളായി ക്ഷണിച്ചപ്പോൾ ജിപ്മർ ഡയറക്ടർ രാകേഷ് അഗർവാളിനെ കൊണ്ട് മാത്രം വിദ്യാർഥികൾക്ക് ബിരുദദാനം നൽകിയതിനെതിരെയാണ് കല്യാണ സുന്ദരം എം.എൽ.എ യൂനിവേഴ്സിറ്റി വൈസ് ചാൻസലറുമായി രൂക്ഷമായ വാഗ്വാദത്തിലേർപ്പെട്ടത്. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ അപമാനിച്ചെന്ന് ആരോപിച്ചാണ് തർക്കം തുടങ്ങിയത്. മുഖ്യമന്ത്രി രംഗസാമി ബിരുദദാന ചടങ്ങിൽ പങ്കെടുത്തിരുന്നില്ല.

# തമിഴ്നാട്ടിൽ സ്വകാര്യ വ്യക്തികളോ മതസ്ഥാപനങ്ങളോ ഇനി ആനകളെ സ്വന്തമാക്കരുത്: മദ്രാസ് ഹൈക്കോടതി



ചെന്നൈ: തമിഴ്നാട്ടിൽ ഇനി സ്വകാര്യവ്യക്തികളോ മതസ്ഥാപനങ്ങളോ ആനകളെ സ്വന്തമാക്കാനോ പരിപാലിക്കാനോ പാടില്ലെന്ന് മദ്രാസ് ഹൈക്കോടതി ഉത്തരവു പുറപ്പെടുവിച്ചു. വ്യക്തികളോ മതസ്ഥാപനങ്ങളോ ആനകളെ കൈവശം സൂക്ഷിക്കുന്നില്ലെന്ന കാര്യം ഉറപ്പുവരുത്താൻ പരിസ്ഥിതി, വനംവകുപ്പ് സെക്രട്ടറിക്ക് ഹൈക്കോടതിയുടെ മധുര ബെഞ്ച് നിർദേശം നൽകി. സംസ്ഥാനത്തെ എല്ലാ ക്ഷേത്രങ്ങളുടേയും സ്വകാര്യവ്യക്തികളുടെ ഉടമസ്ഥയിലുള്ള ആനകളേയും ഉടനടി പരിശോധിക്കണമെന്നും നിർദേശിച്ചു. ക്ഷേത്രങ്ങളുടേയും സ്വകാര്യവ്യക്തികളുടേയും കീഴിലുള്ള എല്ലാ ആനകളേയും സർക്കാരിന്റെ പുനരധിവാസ കേന്ദ്രങ്ങളിലേക്ക് മാറ്റാനായി ഉയർന്നിട്ടുള്ള ആവശ്യത്തിന് സ്വീകരിക്കാനുള്ള സമയമായെന്നും ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് വകുപ്പുമായി ചേർന്ന് ആവശ്യമായ നടപടി കൈക്കൊള്ളണമെന്നും പരിസ്ഥിതി, വനംവകുപ്പ് സെക്രട്ടറിക്ക് കോടതി അയച്ച നോട്ടീസിൽ പറയുന്നു. 60 വയസ് പ്രായമുള്ള ലളിത എന്ന പിടിയാനയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് വനം വകുപ്പ് സമർപ്പിച്ച ഹർജി പരിഗണിക്കവെ ആനയെ അതിന്റെ പാപ്പാനിൽ നിന്ന് വേർപിരിക്കേണ്ടതില്ലെന്ന് മധുര ബെഞ്ചിലെ ജഡ്ജി ഉത്തരവിട്ടു. പരിസ്ഥിതി പ്രവർത്തകർക്കൊപ്പം ലളിതയെ അടുത്തിടെ സന്ദർശിച്ച ജസ്റ്റിസ് ജി.ആർ. സ്വാമിനാഥൻ ആനയുടെ ശരീരത്തിലെ മുറിവുകൾ കാണുകയും മൃഗസംരക്ഷണ വകുപ്പിന്റെ സഹായത്തോടെ ആനക്ക് വേണ്ട സംരക്ഷണം നൽകാൻ വിരുധുനഗർ ജില്ലാ കലക്ടർക്ക് നിർദേശം നൽകുകയും ചെയ്തിരുന്നു.

## നാഷണൽ എൻ.ജി.ഒ കോൺഫെഡറേഷൻ ജില്ലാ സമ്മേളനം രണ്ടിന്

കോഴിക്കോട്: നാഷണൽ എൻ.ജി.ഒ കോൺഫെഡറേഷൻ ജില്ലാ സമ്മേളനം രണ്ടിന് നളന്ദ ഓഡിറ്റോറിയത്തിൽ വച്ച് നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. നാഷണൽ എൻ.ജി.ഒ കോൺഫെഡറേഷൻ ചെയർമാൻ കെ.എൻ ആനന്ദകുമാർ, പീപ്പിൾസ് ഫൗണ്ടേഷൻ ചെയർമാൻ എം.കെ മുഹമ്മദലി, ദേശീയ കോ-ഓർഡിനേറ്റർ അനന്ദുകൃഷ്ണൻ, നബാർഡ് ജില്ലാ വികസന മാനേജർ മുഹമ്മദ് റിയാസ് തടങ്ങിയവർ പരിപാടിയിൽ മുഖ്യാതിഥികളായി പങ്കെടുക്കും. ജില്ലയിലെ മുഴുവൻ സന്നദ്ധ സംഘടനകളേയും ഒരു കുടക്കീഴിൽ എത്തിക്കുക, സാമൂഹ്യക്ഷേമ പദ്ധതികൾ പൊതുസമൂഹത്തിൽ നടപ്പിലാക്കുക, എന്നീ ലക്ഷ്യങ്ങളോടെയാണ് നാഷണൽ എൻ.ജി.ഒ കോൺഫെഡറേഷൻ പ്രവർത്തിക്കുന്നത്. എൻ.ജി.ഒ പ്രവർത്തന മേഖലകളിലെ സാമൂഹിക പ്രതിബദ്ധത, ആനുകാലിക പ്രസക്തി, വർത്തമാന കാലഘട്ടത്തിൽ എൻ.ജി.ഒകളുടെ പങ്ക്, കേന്ദ്ര-സംസ്ഥാന ആവിഷ്കൃത പദ്ധതികൾ തുടങ്ങിയ മേഖലകൾ സമ്മേളനത്തിൽ ചർച്ച ചെയ്യും. നബാർഡ്, നെഹ്റു യുവകേന്ദ്ര, സാമൂഹ്യക്ഷേമ ബോർഡ്, യുവജന ക്ഷേമ ബോർഡ്, വനിതാ വികസന കോർപറേഷൻ ഉൾപ്പെടെയുള്ള വിവിധ വകുപ്പ് മേധാവികൾ സമ്മേളനത്തിൽ പങ്കെടുക്കും.ജില്ലയിൽ നിന്നുള്ള നൂറിലധികം എൻ.ജി.ഒ പ്രതിനിധികൾ സമ്മേളനത്തിൽ സംബന്ധിക്കും രജിസ്റ്റർ ചെയ്യാൻ താൽപര്യമുള്ളഴർക്ക് 8086713105 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. വാർത്താസമ്മേളനത്തിൽ നാഷണൽ എൻ.ജി.ഒ കോൺഫെഡറേഷൻ ജില്ലാ ചെയർമാൻ മോഹൻ കോട്ടൂർ, സെക്രട്ടറി പി.സുരേഷ്ബാബു, പീപ്പിൾസ് ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയരക്ടർ ഹമീദ് സാലിം, എൻ.ജി.ഒ കോൺഫെഡറേഷൻ ജില്ലാ കൗൺസിൽ മെമ്പർ എം.പി മൊയ്ദീൻ കോയ, പീപ്പിൾസ് ഫൗണ്ടേഷൻ പ്രോജക്ട് കോ-ഓർഡിനേറ്റർ അബ്ദുൽ റഹീം.കെ എന്നിവർ പങ്കെടുത്തു.



കണ്ണൂർ ജില്ലാ സൂപ്പർ ഡിവിഷൻ ഫുട്ബോൾ ലീഗിലെ കണ്ണൂർ സ്പോർട്സ് ഡെവലപ്മെന്റ് ട്രസ്റ്റ്-കണ്ണൂർ ജിംഖാന എഫ്.സി മത്സരത്തിൽ നിന്ന്

# പൊന്ന്യത്തങ്കത്തിന് സമാപനം



പൊന്ന്യത്തങ്കം സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന കണ്ണൂർ റേഞ്ച് ഡി.ഐ.ജി പുട്ട വിമലാദിത്യ

തലശ്ശേരി: വാൽക്കണയിലെ ചോരകൊണ്ട് കണക്കുകൾ തീർത്ത ഗതകാല കടത്തനാടിന്റെ മണ്ണിൽ ഇതിഹാസം പോലെ ജീവിച്ച്, തെയ്യരൂപം പൂണ്ട് ആരാധനാമൂർത്തിയായി മാറിയ തച്ചോളി ഒതേനന്റേയും, പെറ്റ നാട്ടിലെ അങ്കത്തട്ടിൽ ശിഷ്യനാൽ വധിക്കപ്പെട്ട കതിരൂർ ഗുരിക്കളുടേയും മായാത്ത ഓർമകളിൽ നടന്ന സപ്തദിന പൊന്ന്യത്തങ്കത്തിന്റെ കളരിവിളക്കണഞ്ഞു. ഉറുമിയുടേയും വാൾത്തലപ്പുകളുടേയും ശീൽക്കാരങ്ങളും, കളരി കരളിലേറ്റിയവരുടെ ആരവങ്ങളും പൊടുന്നനെ നിലച്ചപ്പോൾ ആത്മ നിർവൃതിയും പ്രതീക്ഷകളുമാണ് സംഘാടകരുടെ മുഖത്ത് പ്രകടമായത്. പൂരം കഴിഞ്ഞ പറമ്പ് പോലെ ഏഴരക്കണ്ടം മൂകമായി. പിന്നിട്ട ഏഴ് രാവുകളെ പകലുകളാക്കി മാറ്റുകയും നാടാകെ ഒന്നായി മാറുകയും ചെയ്ത ഏഴരക്കണ്ടത്തോട് വിട പറയാൻ കായിക മനസ്സുകൾ മടിച്ചു നിന്നു. ഇരുപത് കളരി സംഘങ്ങളെ പ്രതിനിധീകരിച്ച്, അഞ്ഞൂറോളം അഭ്യാസികളാണ് അങ്കത്തട്ടിൽ കായിക പ്രതിഭക്ക് മാറ്റുരച്ചത്.ഒ.എസ് ഉണ്ണികൃഷ്ണന്റെ അധ്യക്ഷതയിൽ ചേർന്ന സമാപന സമ്മേളനം കണ്ണൂർ റേഞ്ച് ഡി.ഐ.ജി പുട്ടവിമലാദിത്യ ഉദ്ഘാടനം ചെയ്തു. തലശ്ശേരി എ.സി.പി അരുൺ കെ.പവിത്രൻ, എ.കെ രമ്യ, പി.ഷിജിൻ, ഒഞ്ചിയം പ്രഭാകരൻ, ടി.വേണു, എ.വി അജയകുമാർ, പി.പവിത്രൻ, ദിബിൻ, ധനലക്ഷ്മി, സി.എം യൂസഫ്, സംസാരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് പി.പി.സനൽ സ്വാഗതവും, പ്രോഗ്രാം ഓഫീസർ പി.വി.ലവ് ലിൻ നന്ദിയും പറഞ്ഞു. തുടർന്ന് ചൂരക്കൊടി കളരി, ഭാർഗവകളരി എന്നിവയുടെ കളരിപ്പയറ്റ് നടന്നു. സ്റ്റീഫൻ ദേവസ്യ നയിച്ച ഏഴരക്കണ്ടം നൈറ്റോടെ ഒരാഴ്ച നീണ്ടു നിന്ന കളരി മാമാങ്കത്തിന് തിരശ്ശീല വീണു.

## കണ്ണൂർ ജില്ലാ സൂപ്പർ ഡിവിഷൻ ഫുട്ബോൾ ലീഗ്: സ്പോർട്സ് ഡെവലപ്മെന്റ് ട്രസ്റ്റിന് ജയം

തലശ്ശേരി: ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ സ്റ്റേഡിയത്തിൽ നടന്നുവരുന്ന കണ്ണൂർ ജില്ലാ സൂപ്പർ ഡിവിഷൻ ഫുട്ബോൾ ലീഗ് ചാമ്പ്യൻഷിപ്പിൽ നടന്ന വാശിയേറിയ മത്സരത്തിൽ ഒന്നിനെതിരേ മൂന്ന് ഗോളുകൾക്ക് കണ്ണൂർ സ്പോർട്സ് ഡെവലപ്മെന്റ് ട്രസ്റ്റ് വിജയികളയി. കണ്ണൂർ ജിംഖാന എഫ്.സി.യെ ഒന്നിനെതിരേ മൂന്ന് ഗോളുകൾക്കാണ് പരാജയപ്പെടുത്തിയത്. മത്സരത്തിന്റെ ആദ്യപകുതിയിൽ 22ാമത് മിനിട്ടിൽ ജിംഖാനയ്ക്കനുകൂലമായി ഒരു പെനാൽട്ടി ലഭിച്ചിരുന്നുവെങ്കിലും അത് ഗോളാക്കി മാറ്റുവാൻ അവർക്ക് സാധിച്ചില്ല. തുടർന്ന് 36ാമത് മിനിട്ടിൽ സ്പോർട്സ് ഡെവലപ്മെന്റ് ട്രസ്റ്റിന്റെ വലത് മുന്നേറ്റ താരം കെ. അതുൽ ആദ്യ ഗോൾ നേടി.

42ാമത് മിനിട്ടിൽ ഇടത് മുന്നേറ്റ താരമായ പി.അഭിജിത്ത് സ്പോർട്സ് ഡെവല പ്മെന്റ് ട്രസ്റ്റിന്റെ രണ്ടാം ഗോൾ കരസ്ഥമാക്കി. രണ്ടാം പകുതിയിൽ, മത്സരത്തിന്റെ 75ാമത് മിനിട്ടിൽ, ജിംഖാനയ്ക്ക് വീണ്ടും ലഭിച്ച പെനാൽട്ടി മധ്യനിരതാരം സി.ഷാനിഷ് ഗോളാക്കി മാറ്റി. 2 –1 എന്ന രീതിയിൽ മുന്നേറിയ മത്സരത്തിന്റെ 89ാമത് മിനിട്ടിൽ, സ്പോർട്സ് ഡെവലപ്മെന്റ് ട്രസ്റ്റിന് വേണ്ടി കെ.അതുൽ തന്റെ രണ്ടാമത്തെ ഗോളും നേടി. സ്കോർ:3 –1. കളിയിലെ മികച്ച താരത്തിനുള്ള ക്യാഷ് അവാർഡിന് കെ. അതുലും, മികച്ച പ്രോമിസിങ് താരത്തിനുള്ള ട്രോഫിക്ക് കണ്ണൂർ ജിംഖാനയുടെ മധ്യനിര താരം സി. ഷാനിഷും അർഹരായി.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, 2nd Floor, Noor Complex, West Nadakkav, Kozhikode - 11, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.